**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 87** **09-06-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗക്കാർക്കുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി. മമ്മിക്കുട്ടി | | **Shri K. Radhakrishnan**<br>(പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗക്കാരുടെ പാർപ്പിടം, വിദ്യാഭ്യാസം, അടിസ്ഥാന ജീവനോപാധികൾ തുടങ്ങിയ മേഖലകൾക്ക് പ്രാധാന്യം നൽകി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (എ) | പാർപ്പിട പദ്ധതി സ്വന്തമായി വീട് ഇല്ലാത്ത പട്ടികജാതിക്കാർക്ക് വീട് നിർമ്മിച്ച് നൽകുന്ന ഭവന നിർമ്മാണ പദ്ധതി വകുപ്പ് നിലവിൽ നേരിട്ട് നടപ്പിലാക്കുന്നില്ല. സംസ്ഥാനത്തെ ഭവനരഹിതരായ എല്ലാ വിഭാഗങ്ങൾക്കുമായി ലൈഫ് മിഷൻ മുഖാന്തിരമാണ് നിലവിൽ ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത്. 4 ലക്ഷം രൂപ നിരക്കിലാണ് ഭവന നിർമ്മാണ ധനസഹായം ലൈഫ് മിഷൻ അനുവദിക്കുന്നത്. ആയതിൽ പട്ടികജാതിക്കാർക്കുള്ള 1 ലക്ഷം രൂപ വീതം വകുപ്പാണ് ലൈഫ് മിഷന് നൽകുന്നത്. 2021-22 വർഷം ലൈഫ് മിഷൻ ഭവനനിർമ്മാണ പദ്ധതിക്കായി 300 കോടി രൂപ 2225-01-283-84 (പി) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ലൈഫ് മിഷൻ ആവശ്യപ്പെടുന്ന മുറയ്ക്ക് ടി തുക വകുപ്പ് കൈമാറാവുന്നതാണ്. വിദ്യാഭ്യാസ പദ്ധതി പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമാക്കി താഴെ പറയുന്ന പദ്ധതികൾ വകുപ്പ് ഇപ്പോൾ നടപ്പിലാക്കി വരുന്നു. ടി പദ്ധതികൾ തുടർന്നും നടപ്പിലാക്കാൻ വകുപ്പ് ലക്ഷ്യമിടുന്നു. 1. പ്രീമെട്രിക് വിദ്യാഭ്യാസ ധനസഹായം (ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ് റീ ഇംപേഴ്സ്മെന്റ് എന്നിവ) 2. പ്രൈമറി സെക്കന്ററി എഡ്യുക്കേഷൻ എയ്ഡ് 3. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് 4. 9, 10 ക്ലാസ്സുകളിലെ പ്രീ-മെട്രിക് സ്കോളർഷിപ്പ് (100% CSS) 5. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് 6. വൈദ്യ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങാൻ ധനസഹായം 7. ലാപ് ടോപ്പ് വാങ്ങാൻ ധനസഹായം 8. മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം 9. ആരോഗ്യ ഹാനിയ്ക്കിടയാക്കുന്ന |

| | | | |
|---|---|---|---|
| | | | ശുചീകരണ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് 10. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് 11. മെഡിക്കൽ എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി. 12. +2 പഠനകാലത്ത് തന്നെ മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി 13. മികച്ച വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം. 14. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ /എം.ആർ.എസ് കൾ 15. പ്രീമെട്രിക് ഹോസ്റ്റൽ 16. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ 17. ഐ.ടി.ഐ കൾ 18. പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ 19. CREST 20. നേഴ്സറി സ്കൂളുകൾ 21. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം 22. മെഡിക്കൽ കോളേജ് (പാലക്കാട്) 23. നൃത്ത സംഗീത വിദ്യാർത്ഥികൾക്ക് ആടയാഭരണങ്ങൾ 24. പഠനമുറി 25. സിവിൽ സർവ്വീസ് പരിശീലനം 26. ഇതര സംസ്ഥാന പഠനം 27. വിദേശ പഠന ധനസഹായം 28. ബി.ടെക് / മെഡിക്കൽ കോച്ചിംഗ് 29. +2 പഠനം കഴിഞ്ഞ വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരിശീലനത്തിനായി 54,000/- രൂപ വീതം അനുവദിക്കുന്ന പദ്ധതി. 30. വിദേശ പഠനസഹായം (പരമാവധി 25.00 ലക്ഷം രൂപവരെ) 31. സർഗ്ഗോത്സവം (സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡ് നേടിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് 10,000/- രൂപ നൽകുന്ന പദ്ധതി. അടിസ്ഥാന ജീവിനോപാധിയ്ക്കായി നടപ്പിലാക്കുന്ന പദ്ധതികൾ 1. വിവാഹ ധനസഹായ പദ്ധതി 2. മിശ്രവിവാഹ ധനസഹായ പദ്ധതി 3. ഏകവരുമാനദായകൻ മരണമടഞ്ഞതുമൂലം ധനസഹായം അനുവദിക്കുന്ന പദ്ധതി. 4. വിവിധ തൊഴിൽ അധിഷ്ഠിത പരിശീലന പദ്ധതികൾ 5. സ്റ്റാർട്ടപ്പ് മിഷന്റെ സഹായത്തോടെ പട്ടികജാതി യുവ സംരംഭകർക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പരിശീലന പദ്ധതി. 6. സ്വയംതൊഴിൽ പദ്ധതി 7. വിദേശത്ത് തൊഴിൽതേടി പോകുന്നവർക്കുള്ള ധനസഹായം 8. എസ്.സി.എ.റ്റി. എസ്.സി.പി പദ്ധതി 9. ഉൽപ്പന്ന പ്രദർശന വിപണന മേള 10. ഭൂരഹിത പുനരധിവാസ പദ്ധതി 11. ദുർബല വിഭാഗങ്ങൾക്കുള്ള വിവിധ ധനസഹായം |
| (ബി) | ഭവനരഹിതരായ പട്ടികജാതിക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് മുൻ സർക്കാർ സ്വീകരിച്ച നടപടികൾ തുടരുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതി പ്രകാരമാണ് നിലവിൽ ധനസഹായം |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നത്. ഇതിനായി നടപ്പുവർഷം 2225-01-283-84- (പി) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 300 കോടി രൂപയിൽ നിന്നും ലൈഫ് മിഷൻ ആവശ്യപ്പെടുന്ന തുക അനുവദിച്ചു നൽകുന്നതാണ്. വകുപ്പിന്റെ ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 2007-08 മുതൽ 2017-18 വർഷം വരെ അനുവദിച്ചതിൽ പദ്ധതി പൂർത്തീകരി ക്കാത്ത അവശേഷിക്കുന്ന വീടുകളുടെ പൂർത്തീകരണത്തിനായി സ്പിൽ ഓവർ ആയി തുക അനുവദിക്കുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ മുഖേന അനുവദിച്ച വീടുകളുടെ പൂർത്തീകരണത്തിനായി വകുപ്പ് നടപ്പിലാക്കുന്ന ഭവന പൂർത്തീകരണ പദ്ധതി പ്രകാരം പരമാവധി 1,50,000/- രൂപ വരെ അനുവദിക്കുന്നുണ്ട്. ഭവന പൂർത്തീകരണ പദ്ധതി പ്രകാരം നടപ്പു വർഷം 10,000 വീടുകളുടെ പൂർത്തീകരണത്തിന് വകുപ്പ് ലക്ഷ്യമിടുന്നു. |
| (സി) | പട്ടികജാതിക്കാർക്കായുള്ള ചികിത്സാസഹായം ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | പട്ടികജാതിക്കാർക്കായുള്ള ചികിത്സാ ധന സഹായം ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാർക്കായുള്ള ചികിത്സാ ധനസഹായം ഓൺ ലൈനായി നൽകുന്നതിനായി ടി-ഗ്രാൻസ് സോഫ്റ്റ് വെയർ തയ്യാറാക്കുകയും 01/09/2017 മുതൽ ചികിത്സാ ധനസഹായ പദ്ധതി പൂർണ്ണമായും ടി-ഗ്രാന്റ്സ് എന്ന ഓൺലൈൻ സംവിധാനത്തിലൂടെ വകുപ്പ് നടപ്പിലാക്കി വരുന്നു. മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർക്ക് ആരോഗ്യ സുരക്ഷാപദ്ധതി പ്രകാരം 50,000/- രൂപ വരെ ചികിത്സാ ധനസഹായം അനുവദിച്ചു വരുന്നു. ഓൺലൈനായി അക്ഷയാസെന്ററുകൾ വഴി / സ്വന്തമായി അപേക്ഷിക്കുന്നവർക്ക് രോഗ തീവ്രത അനുസരിച്ച് 5,000/- രൂപവരെയുള്ള തുക ജില്ലാ പട്ടികജാതി വികസന ഓഫീസറും 10,000/- രൂപ വരെയുള്ള തുക ഡെപ്യൂട്ടി ഡയറക്ടറും 50,000/- രൂപ വരെയുള്ള തുക സർക്കാരും അനുവദിച്ചു വരുന്നു. കൂടാതെ ഹൃദയ ശസ്ത്രക്രിയ, കാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതര രോഗങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപവരെ ആശുപത്രി മുഖാന്തിരം അനുവദിക്കുന്നു. |

സെക്ഷൻ ഓഫീസർ